# CALICUT UNIVERSITY

## Internal Audit Wing (Finance)

**കാലിക്കറ്റ് സർവകലായുടെ ആഭ്യന്തര ഓഡിറ്റ് വിഭാഗം 2018 ഓഗസ്റ്റ് 8, 9, തിയ്യതികളിൽ വയനാട് ജില്ലയിലെ കണിയാമ്പറ്റയിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷണൽ സെന്ററിൽ പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട്.**

**സംഘാങ്ങങ്ങൾ :**

**ഓഡിറ്റ് ഫൊഫീസർ ;** രജിനി ദേവി. പി .കെ.

**ഓഡിറ്റർമാർ :**

1 മനോജ്കുമാർ.ടി

2 സത്യനേശൻ.സി.

<u>പ്രിൻ സിപ്പാൾ</u> : കണിയാമ്പറ്റയിലെ യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിൽ നിലവിൽ പ്രിൻസിപ്പാൾ ഇല്ല.

കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ വയനാട് ജില്ലയിൽ കണിയാമ്പറ്റ സർവകലാശാല സ്വന്തമായി നിർമിച്ച സൗകര്യപ്രദമായ ഒരു കെട്ടിടത്തിലാണ് ഈ ടീച്ചർ എഡ്യൂക്കേഷൻ സെന്റർ പ്രവർത്തിക്കുന്നത്. ഇംഗ്ലീഷ്, മലയാളം. ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ് സോഷ്യൽ സയൻസ്, എന്നീ അഞ്ചു വിഷയങ്ങളിൽ, ഒരു ബാച്ചിൽ 50 കുട്ടികൾക്ക് ബി. എഡ്. (4 സെമെസ്റ്റർ) പഠനത്തിനുള്ള സൗകര്യമാണ് ഇവിടെ നിലവിലുള്ളത്. 2017 - 2019 ബി.എഡ്. ബാച്ചിൽ 49 വിദ്യാർഥികൾ പ്രവേശനം നേടിയിട്ടുണ്ട്. എം. എഡ്. കോഴ്സ് പഠിതാക്കളുടെ അഭാവം കാരണം ഇപ്പോൾ നടത്തുന്നില്ല.

28,000.00 (സെമസ്റ്റർ ട്യൂഷൻ ഫീസ്), 2,000.00 (അഡ്മിഷൻ ഫീസ് ) 1,645.00 (സ്പെഷ്യൽ ഫീസ് ), 1,000.00 (പി ടി എ ഫണ്ട് ) എന്നതാണ് നിലവിലുള്ള ഫീസ് ഘടന. അർഹരായ കുട്ടികൾക്ക് നിയമപ്രകാമുള്ള ആനുകൂല്യങ്ങളും ഫീസിളവും ലഭിക്കുന്നുണ്ട്.

ഓഫീസിൽ സൂക്ഷിക്കുന്ന രേഖകളും രെജിസ്റ്ററുകളും പരിശോധിച്ചു.

**1. (a)** <u>Cash Book.</u>

ക്യാഷ് ബുക്കിൽ കണക്കുകൾ രേഖപ്പെടുത്തുന്നത് ഡബിൾ എൻട്രി സംമ്പ്രദായത്തിലല്ല എന്നും 03.07.2016 മുതൽ മാത്രം ASO സാക്ഷ്യപ്പെടുത്തി മുദ്ര വെച്ച് വരുന്നതുമായി കാണുന്നു. 01.07.2003 ഇൽ പ്രിൻസിപ്പാൾ CUTEC കണിയാമ്പറ്റ എന്ന പേരിൽ ആരംഭിച്ച നമ്പർ 40148100110722 അക്കൗണ്ടിൽ 06.08.2011 ന്ന ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ 38,323.00 രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 38,325.50 രൂപയുമാണ്. ചലാൻ വഴി സ്വീകരിക്കപ്പെടുന്ന ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള സ്ഥാപനത്തിലെ എല്ലാ വരവ് ചെലവ് കണക്കുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ക്യാഷ് ബുക്കിൽ പുനരാലേഖനം പാടില്ലാത്തതാകുന്നു. ബില്ലുകളും രസീതുകളും ക്യാഷ്ബുക്കിൽ അലസമായി സൂക്ഷിച്ചിട്ടുള്ളത് മാറ്റി കാലാനുക്രമമായി മറ്റൊരു ഫയലിൽ സൂക്ഷിക്കേണ്ടതാണ് .

ഇത് സംബന്ധിച്ച് സർവകലാശാല IAW നൽകിവരുന്ന സർക്കുലർ നം. 2609/2012/Fin ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .

**1. (b) <u>Cash Book. (PTA)</u>**

PTA യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റൊരു ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ട് . പൊതു വിഭാഗം വിദ്യാർത്ഥികളിൽ നിന്നും 1,000 രൂപയും ഫീസ് അനുകൂല്യങ്ങൾക് അർഹരായവരിൽനിന്നും 500 രൂപയുമാണ് PTA ഫണ്ടിലേക്ക് വാങ്ങുന്നത്. 08 04 2002 ഇൽ ആരംഭിച്ച കേരളാ ഗ്രാമീണ ബാങ്ക് അക്കൗണ്ട് നമ്പർ 40148100110336 ജോയിന്റ് അക്കൗണ്ട് വഴിയാണ് PTA യുടെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നത്. 06.08.2018 ന്ന ക്യാഷ് ബുക്ക് പ്രകാരം 1,71,591/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 1,72,594/- രൂപയും നീക്കിയിരിപ്പുള്ളതായി കാണുന്നു. 1,003 രൂപയുടെ വ്യത്യാസം ബാങ്കുമായി

ഐക്യപ്പെടുത്തി കണക്കു സൂക്ഷിക്കേണ്ടതാണ്.

UO No. GA III /G 2 /4245/99 - II, dated 13.02.2009 guide lines for the operation of PTA .... നിബന്ധനകൾക്കും നിർദേശങ്ങൾക്കുമനുസരിച്ചാണ് PTA പ്രവർത്തിക്കുന്നത് എന്ന് സ്ഥാപത്തിന്റെ മേധാവി ഉറപ്പുവരുത്തേണ്ടതാണ് .

**1.(c) Cash Book. (Studets Welfare Fund)**

സ്റ്റുഡന്റസ് വെൽഫെയർ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി മറ്റൊരു ക്യാഷ് ബുക്ക് കൂടി സൂക്ഷിക്കുന്നുണ്ട്. ഇതിൽ 06.06.2018 ഇൽ 2,197/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു.

**2) ടി ആർ 5 രസീത് ബുക്ക്.**

ടി ആർ 5 രസീത് ബുക്ക് ഉപയോഗിച്ച് വാങ്ങുന്ന ഫീസ് തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ / ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടവാക്കി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയശേഷം സ്ഥാപനത്തിന്റെ മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. IAW സർക്കുലർ. No. 1876/FIN-INT.AUDIT-1/2018/Fin, Dated: 26.03.2018 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**3) ഇ - ഗ്രാന്റ്സ് രജിസ്റ്റർ**

ഇ ഗ്രാന്റ്സ് അക്കൗണ്ടുമായി ബന്ധപ്പെട്ട ഓഫീസിൽ സൂക്ഷിക്കുന്ന രജിസ്റ്റർ പരിശോധിച്ചു.

**ധനവിനിയോഗം സംബന്ധിച്ച് അപാകതകളൊന്നും കണ്ടെത്തിയിട്ടില്ല.**

ഫീസ് ഇളവിനും മറ്റു ആനുകൂല്യങ്ങൾക്കും അർഹരായ വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കി, പ്രവേശനം ലഭിച്ചതുമുതൽ വിടുതൽ സിറ്റിഫിക്കറ്റ് വാങ്ങുന്നതുവരെ, ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ട തുകയുടെയും ആയത് ലഭ്യമാകുന്ന മുറയ്ക്കു വിതരണം ചെയ്യുന്നതും / സർവകലാശാലാ ഫണ്ടിലേക്ക് അടവാക്കുന്നതുമായ കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**4) അഡ്മിഷൻ രജിസ്റ്റർ ,പി. എ. രജിസ്റ്റർ, എഫ്. എഫ്. ആർ, തുടങ്ങിയ രെജിസ്റ്ററുകൾ പരിശോധിച്ചു .**

**അപാകതകളില്ല.**

**5) അക്സെഷൻ രജിസ്റ്റർ**
**ലൈബ്രറിയിലെ അക്സെഷൻ രജിസ്റ്റർ (7 volums) പരിശോധിച്ചു.**

രജിസ്റ്റർ പ്രകാരം ആകെ 4722 പുസ്തകങ്ങൾ സ്റ്റോക്കുണ്ട്. ഉപയോഗശൂന്യമായ പുസ്തകങ്ങൾ 39 എണ്ണം. നഷ്ടപ്പെട്ടത് 236 എണ്ണം, CUTEC വടകരയിലേക്ക് മാറ്റിയത് 9 എണ്ണം.

ഉപയോഗശൂന്യമായതും നഷ്ടപ്പെട്ടതുമായ പുസ്തകങ്ങൾ UO No. 4886/2014/Admn. Datd. 20.05.2014, അനുശാസിക്കുന്ന പ്രകാരം എഴുതിത്തള്ളാനുള്ള നടപടികൾ, സ്വീകരിക്കാവുന്നതാണ്.

**അപാകതകളില്ല.**

**6) ഉത്തരക്കടലാസുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചു.**

ഉത്തരക്കടലാസുകൾ (മെയിൻ ) OY സീരീസിൽ 442എണ്ണവും , അഡിഷണൽ ഷീറ്റ് WX സീരീസിൽ 2644 എണ്ണവും, ബാക്കിയുണ്ട്

**അപാകതകളില്ല.**

**7) വിദ്യാർത്ഥികളിൽനിന്നും കോഷൻ ഡെപ്പോസിറ്റ് സ്വീകരിക്കുന്നില്ല. വിടുതൽ സിർട്ടിഫിക്കറ്റ് വാങ്ങി മൂന്നു വർഷത്തിനുള്ളിൽ വിദ്യാർഥികൾ മടക്കിവാങ്ങാത്ത തുകകളും, നിഷ്ക്രിയമായ മറ്റു തുകകളും നിയമാനുസൃതം ഉത്തരവാക്കി, സർവകലാശാലാ നിധിയിലേക്ക് അടവാക്കേണ്ടതാണ്.**

Suresh K.K

Finance Officer